ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 19.06.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പുതുയുഗ കേരളത്തിനായുള്ള പ്രതിജ്ഞാബദ്ധതയിലൂന്നി, 2026-27 ലെ പുതുക്കിയ ബജറ്റ് നിയമസഭയിൽ അവതരിപ്പിച്ച് മുഖ്യമന്ത്രി വി.ഡി സതീശൻ. നൂതന മാർഗങ്ങളിലൂടെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുമെന്ന് മുഖ്യമന്ത്രി.

**Chief Minister V.D. Satheesan presented the revised 2026–27 Kerala Budget in the State Assembly, reaffirming the government's commitment to building a new-era Kerala. The Chief Minister said the economy would be stimulated through innovative measures.**

2) കേരളത്തെ തുറമുഖ നഗരമാക്കി മാറ്റും. മിഷൻ സമുദ്രയ്ക്കായി 400 കോടി രൂപയും ഏവിയേഷൻ-ലോജിസ്റ്റിക് ഹബ്ബിനായി 200 കോടിയും വകയിരുത്തി

**The government aims to transform Kerala into a major port city. An allocation of ₹400 crore has been made for Mission Samudra, while ₹200 crore has been earmarked for developing an aviation and logistics hub.**

3) കാൻസർ പ്രതിരോധത്തിന് പ്രത്യേക പരിഗണന. തിരുവനന്തപുരത്തും ഹരിപ്പാടും പുതിയ മെഡിക്കൽ കോളേജുകൾ. കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന് നോളജ് വാലി പദ്ധതി ആവിഷ്കരിക്കും.

**Special emphasis has been given to cancer prevention. New medical colleges will be established in Thiruvananthapuram and Haripad. A Knowledge Valley project will also be launched to transform Kerala into a hub for higher education.**

4) ഭൂപരിഷ്കരണം 2.0 നടപ്പാക്കുമെന്ന് മുഖ്യമന്ത്രി.റബ്ബറിന്റെ താങ്ങുവില 250 രൂപയായി വർധിപ്പിക്കും. പ്രിയദർശിനി സൗജന്യയാത്രാ പദ്ധതിക്കായി 600 കോടി രൂപ വകയിരുത്തി.

**The Chief Minister announced that Land Reforms 2.0 will be implemented. The support price of rubber will be increased to ₹250 per kilogram. An allocation of ₹600 crore has been made for the Priyadarshini Free Travel Scheme.**

5) കോർപ്പറേറ്റ് താത്പര്യം ഉയർത്തിപ്പിടിക്കുന്ന ബജറ്റാണിതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. കൃഷി,വ്യവസായം തുടങ്ങിയ മേഖലകളിൽ ബജറ്റ് വിഹിതം വെട്ടിക്കുറച്ചതായും വിമർശനം.

**Leader of the Opposition Pinarayi Vijayan criticised the Budget, alleging that it promotes corporate interests. He also claimed that budgetary allocations for sectors such as agriculture and industry have been reduced.**

6) പ്രധാൻ മന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജനയ്ക്ക് കീഴിൽ 2,400 കോടി രൂപയുടെ ആനുകൂല്യങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും.

**Prime Minister Narendra Modi will disburse incentives worth ₹2,400 crore under the Pradhan Mantri Viksit Bharat Rozgar Yojana (PM-VBRY) at a special programme in New Delhi today.**

**BUDGET GENERAL**

2026-27 ലെ പുതുക്കിയ സംസ്ഥാന ബജറ്റ് നിയമസഭയിൽ അവതരിപ്പിച്ച് മുഖ്യമന്ത്രി വി.ഡി സതീശൻ. പുതുയുഗ കേരളം സൃഷ്ടിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് വ്യക്തമാക്കിക്കൊണ്ടാണ് മുഖ്യമന്ത്രി ബജറ്റ് അവതരണത്തിന് തുടക്കം കുറിച്ചത്. സംസ്ഥാനം നേരിടുന്നത് വലിയ സാമ്പത്തിക വെല്ലുവിളിയാണെന്നും, നൂതന മാർഗങ്ങളിലൂടെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൻറെ തനത് വരുമാനം മറ്റു സംസ്ഥാനങ്ങളേക്കാൾ താഴെയാണ് എന്നതിനൊപ്പം കേന്ദ്ര വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. അടുത്ത അഞ്ച് വർഷം സംസ്ഥാനത്ത് നടപ്പാക്കുന്ന വികസനങ്ങളുടെ ദിശാസൂചികയായിരിക്കും ബജറ്റ് എന്നും മുഖ്യമന്ത്രി പറഞ്ഞു.

## BUDGET MARITIME (INTRO)

കേരള മാരിടൈം പോളിസി രൂപീകരിക്കുമെന്നും, സംസ്ഥാനത്തെ തുറമുഖ നഗരമാക്കി മാറ്റുമെന്നും ബജറ്റ് പ്രസംഗത്തിൽ മുഖ്യമന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തിൻറെ 600 കിലോമീറ്റർ വരുന്ന തീരമേഖലയും, ജലസ്രോതസുകളും സംയോജിപ്പിച്ച് കേരളത്തെ സമുദ്ര ശക്തിയാക്കി മാറ്റും. മിഷൻ സമുദ്ര പദ്ധതിയ്ക്കായി 400 കോടി രൂപ ബജറ്റിൽ വകയിരുത്തി. വിഴിഞ്ഞത്തെ ഗ്രീൻ ബങ്കറിങ് തുറമുഖമാക്കും. മദർഷിപ്പ് നിർമാണം ലക്ഷ്യമാക്കി കപ്പൽ നിർമാണ കേന്ദ്രം രൂപീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ്........)

ബാലരാമപുരം- വിഴിഞ്ഞം ഭൂഗർഭ റെയിൽപാത, വിഴിഞ്ഞം- നാവായിക്കുളം ഔട്ടർ റിങ് റോഡ് എന്നീ പദ്ധതികൾ വേഗത്തിൽ നടപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളെ ചേർത്ത് സതേൺ കേരള എക്കോണമി കോറിഡോർ രൂപീകരിക്കും.

വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് ഏവിയേഷൻ- ലോജിസ്റ്റിക് ഹബ് രൂപീകരിക്കുന്നതിന് 200 കോടി രൂപയും ബജറ്റിൽ വകയിരുത്തി.

## BUDGET – HEALTH (INTRO)

മികച്ച ആരോഗ്യ സേവനങ്ങൾക്കായി സ്ഥാപിക്കുന്ന കേരള ഹെൽത്ത് ആൻറ് ലൈഫ് സയൻസ് സിറ്റിക്കായി 100 കോടി രൂപ ബജറ്റിൽ വകയിരുത്തി. കാൻസർ പ്രതിരോധത്തിന് പ്രത്യേക പരിഗണന നൽകുമെന്ന് മുഖ്യമന്ത്രി ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കി. മൊബൈൽ ടെസ്റ്റിങ് ലാബുകൾക്കായി 20 കോടി രൂപ ബജറ്റിൽ വകയിരുത്തി.

**(ഹോൾഡ്........)**

ആരോഗ്യ ടൂറിസം മേഖലയുടെ ഡെസ്റ്റിനേഷനായി കേരളത്തെ മാറ്റാൻ റീച്ച് കേരള പദ്ധതി നടപ്പാക്കും. വൺ കേരള കരുതൽ മിഷനിലൂടെ അർഹരായ രോഗികൾക്ക് സഹായമൊരുക്കും. അന്താരാഷ്ട്ര നിലവാരമുള്ള കെയർ ഗീവർ സർട്ടിഫിക്കറ്റ് കോഴ്സുകൾ സംസ്ഥാനത്ത് ആരംഭിക്കും. വയോജന വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപയും ബജറ്റിൽ വകയിരുത്തി. എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെ ഇൻഷുറൻസ് നൽകുന്ന ഉമ്മൻ ചാണ്ടി ഇൻഷുറൻസ് പദ്ധതിയ്ക്ക് പ്രാഥമികമായി 10 കോടി രൂപയും പ്രഖ്യാപിച്ചു .

## BUDGET LAND

ഭൂപരിഷ്കരണം 2.0 എന്ന പേരിൽ, ഭൂ നിയമങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്തും. സമഗ്ര ലാൻഡ് മാനേജ്മെന്റ് നയം രൂപീകരിക്കും. ഗ്രീൻ ഹൈഡ്രജൻ, പുനഃരുപയോഗ ഊർജ്ജം എന്നിവയ്ക്കായി 100 കോടി രൂപ ബജറ്റിൽ വകയിരുത്തി. നഗരവികസനത്തിനായുള്ള കേരള അർബൻ ഗ്രോത്ത് മിഷൻ പദ്ധതിക്കായി 100 കോടി രൂപയും വകയിരുത്തി. തദ്ദേശ സ്ഥാപനങ്ങൾക്ക് ഖരമാലിന്യ സംസ്കരണത്തിന് 160 കോടി രൂപ അനുവദിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

**BUDGET – AGRICULTURE**

കൃഷിക്കും അനുബന്ധ മേഖലക്കുമായി 1,535 കോടി രൂപ നീക്കിവയ്ക്കും. നാളികേരത്തിന് പുതിയ സംഭരണ കേന്ദ്രങ്ങൾ ഉറപ്പാക്കും. റബ്ബറിന്റെ താങ്ങുവില 250 രൂപയായി വർധിപ്പിക്കും. മൂന്നു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ പ്രതിദിന പാലുൽപാദനം ഒരു കോടി ലിറ്ററാക്കി ഉയർത്തും. യുവാക്കളെ കൃഷിലേക്ക് ആകർഷിക്കും. മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷുറൻസ് തുക പരിഷ്കരിക്കും. മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന മണ്ണെണ്ണ സബ്സിഡി 75 രൂപയായി വർധിപ്പിക്കും.. വനം–വന്യജീവി സംരക്ഷണത്തിന് 243.80 കോടി രൂപയും ബജറ്റിൽ വകയിരുത്തി.

## BUDGET KNOWLEDGE CITY (INTRO)

കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റുന്നതിന് കേരള നോളജ് വാലി പദ്ധതി ആവിഷ്ക്കരിക്കും. ഇതിനായി 100 കോടി രൂപ വകയിരുത്തി. മുൻനിര വിദേശ സർവകലാശാലകളെ കേരളത്തിലേക്ക് ആകർഷിക്കുമെന്നും, വിദ്യാർഥികൾക്ക് കേരളത്തിൽ തന്നെ ലോകോത്തര അവസരം കണ്ടെത്താൻ അവസരമൊരുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ്...)

പതിനായിരം എംഎസ്എംഇ കൾ സംസ്ഥാനത്ത് ആരംഭിക്കും.

എംഎസ്എംഇ ഗ്രോത്ത് പദ്ധതിക്കായി 100 കോടി രൂപ ബജറ്റിൽ വകയിരുത്തി. ബഹിരാകാശ മേഖലയിൽ, സ്വകാര്യ സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകും. വയനാട് ട്രൈബൽ സർവകലാശാല ആരംഭിക്കും. കേരളീയ ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ **ബ്രാൻഡ് കേരളം, കേരള മാർക്ക്** എന്നിവ ആരംഭിക്കും. കിഫ്ബിയുടെ നിലവിലെ ഘടന പരിഷ്ക്കരിക്കുമെന്നും, കിഫ്ബിയെക്കുറിച്ച് പഠിക്കാൻ പ്രത്യേക വിദഗ്ധ സമിതി രൂപീകരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

## BUDGET PRIYADARSHINI

പ്രിയദർശിനി സൗജന്യയാത്രാ പദ്ധതിക്കായി ബജറ്റിൽ 600 കോടി രൂപ വകയിരുത്തി. കേരളത്തെ സ്വർണ വിനിമയ കേന്ദ്രമാക്കി മാറ്റും. കൊച്ചി – തൃശൂർ ആഭരണ ഇടനാഴി സ്ഥാപിക്കാൻ 10 കോടി രൂപ വകയിരുത്തി. കൊച്ചി – ആലുവ – പെരുമ്പാവൂർ ഗ്ലോബൽ ഫർണിച്ചർ ഹബ്ബ് രൂപീകരണത്തിനായി 10 കോടി വകയിരുത്തും.

തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ നടപ്പാക്കും. കോഴിക്കോട് സൈബർ പാർക്കിനെ കൊച്ചി ഇൻഫോ പാർക്കിന്റെയും തിരുവനന്തപുരം ടെക്നോപാർക്കിന്റെയും നിലവാരത്തിലേക്കുയർത്തുമെന്നും

മുഖ്യമന്ത്രി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## BUDGET-OTHERS

ഗ്രാമവികസനത്തിനായി 2,138 കോടി രൂപ ബജറ്റിൽ വകയിരുത്തി. തൊഴിലുറപ്പ് പദ്ധതിക്ക് 1,422 കോടി രൂപയാണ് നീക്കി വച്ചത്. റോഡ് അപകടങ്ങൾ കുറയ്ക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കും. ലഹരി മരുന്ന് വ്യാപനത്തിനെതിരായ

ഓപ്പറേഷൻ തൂഫാന് 10 കോടി രൂപ വകയിരുത്തി.

ടൂറിസത്തെ വ്യവസായമായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കും. എല്ലാ പെൺകുട്ടികൾക്കും സാനിറ്ററി നാപ്കിൻ ഉറപ്പ് വരുത്തുന്നതിനൊപ്പം ക്യാംപസുകളെ ഗേൾസ് ഫ്രണ്ട്ലി ആക്കും. റാഗിങ് തടയാൻ സിദ്ധാർഥൻ ആൻറി റാഗിങ്ങ് ആൻറ് സ്റ്റുഡൻറ് വെൽഫെയർ ആക്ട് കൊണ്ടുവരും. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അക്രമം ചെറുക്കാൻ മകൾക്കൊപ്പം പദ്ധതി നടപ്പാക്കും. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താൻ പുതിയ ലാബുകൾ ആരംഭിക്കും. പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങൾക്ക് പുതിയ ഭവന പദ്ധതി ഒരുക്കും. കേരളത്തെ ഭിന്ന ശേഷി സൗഹൃദമാക്കുമെന്നും, ഭിന്നശേഷിക്കാർക്ക് പൊതുയിടങ്ങളിൽ റാമ്പുകൾ സ്ഥാപിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ശബരിമല, ഗുരുവായൂർ, കൊട്ടിയൂർ, തിരുവല്ലം ക്ഷേത്രങ്ങൾ തിരുപ്പതി മോഡൽ ആക്കി മാറ്റും.

## BUDGET ESTIMATE

2026-27 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷത്തി 69, 646 കോടിയുടെ റവന്യൂ വരവാണ് ബജറ്റ് മുന്നോട്ട് വയ്ക്കുന്നത്. -രണ്ട് ലക്ഷത്തി 5001 കോടി രൂപയുടെ റവന്യൂ ചെലവുകളും ബജറ്റിൽ കണക്കാക്കുന്നു. 35,355 കോടിയായിരിക്കും റവന്യൂകമ്മി. ഗവേണൻസ് വിത്ത് എംപതി കാഴ്ചവച്ച് പുതുയുഗ വികസിത കേരളം ഒരുമിച്ച് സൃഷ്ടിക്കാമെന്ന്

പ്രത്യാശ പ്രകടിപ്പിച്ച് കൊണ്ടാണ് മുഖ്യമന്ത്രി തൻറെ കന്നി ബജറ്റ് അവതരണം അവസാനിപ്പിച്ചത്.

**EDITOR:ANILA B, SOURCE: BUDGET SPEECH, CNRT:KRISHNA A, READER: KRISHNA A, DEO:SANDHYARANI G S**

## PINARAYI

കോർപ്പറേറ്റ് താത്പര്യം ഉയർത്തിപ്പിടിക്കുന്ന ബജറ്റാണിതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. ജനക്ഷേമത്തിലും, വികസനത്തിലും സർക്കാരിൻറെ പിൻവാങ്ങൽ ഉണ്ടാക്കുന്ന ബജറ്റാണിതെന്നും അദ്ദേഹം വിമർശിച്ചു.

കേരളം സാമ്പത്തിക പ്രതിസന്ധിയിലാണെന്നാണ് ബജറ്റിലൂടെ മുഖ്യമന്ത്രി പറയാൻ ശ്രമിച്ചത്. കൃഷി,വ്യവസായം പോലുള്ള പ്രധാന മേഖലകളിൽ ബജറ്റ് വിഹിതം വെട്ടിക്കുറച്ചതായും അദ്ദേഹം വിമർശിച്ചു. സ്വാഭാവിക വരവ് ചിലവുകൾ പെരുപ്പിച്ചു കാണിച്ച ബജറ്റ് സ്വകാര്യ മേഖലയെയാണ് പ്രോത്സാഹിപ്പിക്കുന്നത്. കഴിഞ്ഞ എൽ ഡി എഫ് സർക്കാരിന്റെ പല പദ്ധതികളും പേര് മാറ്റി അവതരിപ്പിച്ചതായും പ്രതിപക്ഷനേതാവ് കുറ്റപ്പെടുത്തി.

## PM–VBRY

പ്രധാൻ മന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജനയ്ക്ക് കീഴിൽ 2,400 കോടി രൂപയുടെ ആനുകൂല്യങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. ഇതോടനുബന്ധിച്ച് തിരുവനന്തപുരം, കൊല്ലം, കോട്ടയം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലും EPFO യുടെ ആഭിമുഖ്യത്തിൽ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.